**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 221 04.02.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ക്രമസമാധാന നില മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ക്രമസമാധാനനില മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ഈ ഗവൺമെന്റ് അധികാരമേറ്റതിനു ശേഷം ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. രാത്രിയും പകലും പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ സീനിയർ പോലീസ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് കർശനമായി നിയമ നടപടി സ്വീകരിക്കാൻ എല്ലാ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജനമൈത്രീ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരുടെ അധിക തസ്തികകൾ സൃഷ്ടിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ട്രെയിനുകളിൽ വനിതാ പോലീസുദ്യോഗസ്ഥർ ഉൾപ്പെടെ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് കാര്യക്ഷമമായ സുരക്ഷ ഉറപ്പാക്കി വരുന്നുണ്ട്. കൂടാതെ നഗര ഹൃദയങ്ങളിലും, തിരക്കേറിയ ബസ് സ്റ്റാന്റുകളിലും, റയിൽവേ സ്റ്റേഷനുകളിലും, പ്രധാനപ്പെട്ട |

ട്രാഫിക് പോയിന്റുകളിലും ക്യാമറകൾ സ്ഥാപിച്ചും കുറ്റകൃത്യങ്ങൾ വളരെ വേഗം കണ്ടെത്തി കുറ്റകാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. നഗരങ്ങളിൽ ഷാഡോ പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ, സ്ത്രീ പീഡനങ്ങൾ, കൊലപാതകങ്ങൾ, കവർച്ചകൾ, മോഷണങ്ങൾ, ഭവന ഭേദനങ്ങൾ, പിടിച്ചുപറി, കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ എന്നിവ എത്രവീതം നടന്നിട്ടുണ്ട്;

(ബി) ഈ കാലയളവിൽ 21683 സ്ത്രീ പീഡന കേസ്സുകളും , 590 കേസ്സുകളിലായി 622 കൊലപാതകങ്ങളും, 1319 കവർച്ച കേസ്സുകളും ( Dacoity & Robbery) , 7359 മോഷണ കേസ്സുകളും (Ordinary Theft), 4854 ഭവനഭേദന കേസ്സുകളും (HB Theft), 1216 പിടിച്ചുപറികേസ്സുകളും , 2363 കുട്ടികൾക്ക് നേരെയുള്ള അതിക്രമക്കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇവ ഓരോന്നിലും എത്ര പ്രതികളെ വീതം അറസ്റ്റ് ചെയ്തു;

(ഡി) ഓരോന്നിലും ഇനി എത്ര പ്രതികളെ വീതം പിടികിട്ടാനുണ്ട്;

(സി) & (ഡി) അറസ്റ്റ് ചെയ്തവരുടേയും പിടികിട്ടാനുള്ളവരുടേയും വിവരം ചുവടെ ചേർക്കുന്നു.

| | No of Accused Arrested | No of Accused to be Arrested |
|---|---|---|
| സ്ത്രീ പീഡന കേസ്സുകൾ | 23950 | 4698 |
| കൊലപാതക കേസ്സുകൾ | 1107 | 53 |
| കവർച്ച കേസ്സുകൾ | 1794 | 364 |
| മോഷണ കേസ്സുകൾ | 5308 | 1663 |
| ഭവന ഭേദന കേസ്സുകൾ | 2934 | 1964 |
| പിടിച്ചുപറി കേസ്സുകൾ | 771 | 499 |
| കുട്ടികൾക്ക് നേരെയുള്ള അതിക്രമ കേസ്സുകൾ | 2445 | 380 |

(ഇ) പ്രസ്തുത കാലയളവിൽ. സംസ്ഥാനത്ത് ട്രെയിൻ യാത്രക്കാർക്കുനേരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ?

(ഇ) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് ട്രെയി[redacted] യാത്രക്കാർക്കു നേരെ അതിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Simple Hurt | 36 |
| Grievous Hurt | 8 |
| Other Crimes (u/s 354, 509 IPC & 119 KP Act | 99 |
| Total | 143 |

സെക്ഷൻ ഓഫീസർ